**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1501** **03-02-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ എൽ. പി. എസ്. ടി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 31/05/25 ന് നിലവിൽ വന്ന എൽ. പി. എസ്. ടി. റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ മലപ്പുറം ജില്ലയിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | 38 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | 2025-26 വർഷത്തിലെ എൽ. പി. എസ്. ടി. ഫിക്സേഷൻ പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | 2025-26 അദ്ധ്യയന വർഷത്തെ റഗുലർ തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിലുള്ള ഫിക്സേഷൻ പ്രകാരം എൽ. പി. എസ്. ടി. വിഭാഗത്തിൽ മലപ്പുറം ജില്ലയിൽ എത്ര ഡിവിഷൻ ഫാൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | 2025-26 അധ്യയന വർഷത്തിൽ 105 ഡിവിഷൻ ഫാൾ (എൽ.പി.ഡിവിഷനുകൾ) ഉണ്ടായിട്ടുണ്ട്. |
| (ഡി) | ഡിവിഷൻ ഫാൾ വന്ന് തസ്തിക നഷ്ടപെടുന്ന അധ്യാപകരെ എച്ച്.റ്റി.വി. (ഹെഡ് ടീച്ചർ വേക്കൻസി) പോസ്റ്റിലേക്ക് പുനർ വിന്യസിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | കെ.ഇ.ആർ. അധ്യായം XXI ചട്ടം7(1) പ്രകാരം എയ്ഡഡ് സ്കൂളുകളിൽ, ഡിവിഷൻ ഫാൾ വന്ന് തസ്തിക നഷ്ടപ്പെടുന്ന സംരക്ഷിതാധ്യാപകരേയും ചട്ടം അവകാശികളേയും എച്ച്.റ്റി.വി. ഒഴിവുകളിൽ നിയമിക്കുവാൻ വ്യവസ്ഥയുണ്ട്. സർക്കാർ സ്കൂളുകളിൽ ഡിവിഷൻ ഫാൾ വന്ന് തസ്തിക നഷ്ടപ്പെടുന്ന അധ്യാപകരെ എച്ച്.റ്റി.വി. (ഹെഡ് ടീച്ചർ വേക്കൻസി) പോസ്റ്റിലേക്ക് പുനർ വിന്യസിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ